നവംബർ 2019

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികം ഒക്ടോബർ 2-ാം തീയതി രാഷ്ട്രം അനുസ്മരിച്ചു. ആദ്ധ്യാത്മികതയിലും മാനവികതയിലും അടിയുറച്ച സർവ്വോദയത്തിന്റെ ധന്യമായ ഒരു ദർശനമായിരുന്നു മഹാത്മാഗാന്ധി വിഭാവനം ചെയ്തിരുന്നത്. തന്റെ വിദ്യാഭ്യാസ കാലഘട്ടത്തിൽ പാശ്ചാത്യ കലാലയങ്ങളിൽ ശക്തമായി പ്രതിധ്വനിച്ചിരുന്ന ക്രൈസ്തവ മൂല്യങ്ങളുടെ പശ്ചാത്തലത്തിലാകുന്നു സ്വതന്ത്രഭാരതത്തെക്കുറിച്ചു തന്നെയും അദ്ദേഹത്തിന്റെ പ്രതീക്ഷകളും ദർശനങ്ങളും രൂപപ്പെട്ടത് എന്നത് ഒരു ചരിത്രവസ്തുതയാണ്. അക്കാലത്ത് രൂപപ്പെട്ടുകൊണ്ടിരുന്ന ശാസ്ത്രീയ പുരോഗതി, മൂല്യാധിഷ്ഠിത ജനാധിപത്യ ദർശനം, വിദ്യാഭ്യാസത്തിന്റെ പ്രചുരപ്രചാരം, ആശയവിനിമയ മാധ്യമങ്ങളിലുണ്ടായ നൂതന സാങ്കേതികവിദ്യയുടെ പുരോഗതി, ഒരു നവമതേതര സംസ്കാരത്തെയും മാനവികതയെയും കുറിച്ചുള്ളതായ ശക്തീകരണം എന്നിവയൊക്കെയും മഹാത്മാവിന്റെ ദർശനത്തിൽ ഉൾക്കൊണ്ടിരുന്നു. ആകയാൽ ഭാരതത്തെ ഒരു രാമരാജ്യമായും അഥവാ ദൈവരാജ്യമായും ഭാരതത്തിലെ സമസ്ത ജനങ്ങളെയും ജാതിമതവർണ്ണ സാംസ്കാരിക വ്യതിയാനം കൂടാതെ ദൈവജനമായും അദ്ദേഹം അംഗീകരിക്കുകയും ഈ ദർശനത്തിൽ വിരിഞ്ഞ സ്വപ്നം ഭാരതജനതയ്ക്കായി സമ്മാനിക്കുകയും ചെയ്തു. എന്നാലിന്ന് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞിട്ട് 70 വർഷം പിന്നിടുമ്പോൾ ഈ ദർശനത്തിൽ തന്നെയാണോ രാഷ്ട്രം നിലനിൽക്കുന്നത് എന്നു നാം ചിന്തിക്കണം. ജനാധിപത്യ മതേതരത്വ മൂല്യങ്ങളിൽ നിന്നും വിട്ടുമാറി മതാധിഷ്ഠിതവും വർഗ്ഗീയവും ഭാഷാപരവുമായിരിക്കുന്ന കാഴ്ചപ്പാടുകളിലേക്ക് നാം വഴുതിപ്പോകുന്നുവോ എന്ന് ആത്മപരിശോധന നടത്തേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ഗാന്ധിയൻ ദർശനത്തിലേക്ക് യാഥാർത്ഥ്യബോധത്തോടെയുള്ള തിരിഞ്ഞുനോട്ടം അദ്ദേഹത്തിന്റെ 150-ാം ജന്മവാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ സാർത്ഥകമായിത്തീരട്ടെ.

ക്രൈസ്തവ സഭകളിൽ സാക്ഷ്യം നഷ്ടപ്പെടുന്ന രീതിയിൽ ഉള്ള പ്രവണതകൾ വർദ്ധിച്ചുവരുന്നത് ആശങ്കാജനകമല്ലേ? മൂല്യബോധമില്ലാതെ അന്യോന്യം കലഹിച്ച് സാക്ഷ്യം നഷ്ടപ്പെടുത്തുന്നതായ പ്രവണതകൾ എവിടെയും വർദ്ധിച്ചുവരുന്നു. ധാർമ്മികതയേക്കാൾ ഉപരിയായി ആർജിത സംസ്കാരത്തിലല്ലേ ഇന്നു മുന്നേറുന്നത്? സാക്ഷ്യം നഷ്ടപ്പെടുത്തിയശേഷം എന്തെല്ലാം നേടിയാലും നമ്മുടെ ഭാവി എന്തായിരിക്കും എന്നുള്ളതു ശ്രദ്ധിക്കേണ്ടതാണ്. രാഷ്ട്രീയ പാർട്ടികളായിരുന്നാലും സഭകളായിരുന്നാലും ഈ മൂല്യശോഷണത്തിലൂടെ യുവജനങ്ങളെ മോഹഭംഗത്തിലേക്ക് വഴി നടത്തുകയല്ലേ എന്നും ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വ്യക്തിഹത്യ നടത്തിയും മൂല്യബോധമില്ലാതെയും സമൂഹത്തിൽ മാന്യത നൽകേണ്ട സ്ഥാനങ്ങളെ അധിക്ഷേപിച്ചു നീങ്ങുന്നതുമൂലം സമൂഹം അരാജകത്വത്തിലേക്കു നീങ്ങുന്നു എന്നത് യാഥാർത്ഥ്യമല്ലേ? നാനാത്വത്തിൽ ഏകത്വം ദർശിക്കേണ്ട സ്ഥാനത്തും ആ മൂല്യബോധമില്ലാതെ സഭയും സമൂഹവും സോഷ്യൽ മീഡിയയിലൂടെ നടത്തുന്ന പ്രചരണങ്ങൾ രണ്ടാം ലോകമഹായുദ്ധകാലത്ത് നാസി ഭരണകൂടത്തിന്റെ പ്രചരണവകുപ്പു മേധാവിയായിരുന്ന ഗീബെൽസിന്റെ തന്ത്രത്തിന്റെ പുനരാവിഷ്ക്കാരമല്ലേ? അസത്യം പത്തു പ്രാവശ്യം പറഞ്ഞാൽ അത് പതിനൊന്നാമതു കേൾക്കുമ്പോൾ അതിൽ സത്യമില്ലേ എന്നു ചിന്തിച്ച് തെറ്റിലേക്ക് ജനത പോകുവാനുള്ള സാധ്യത ഒരു യാഥാർത്ഥ്യമല്ലേ? സാത്താൻ ഹവ്വായോടു ചോദിച്ചു. ദൈവം നിങ്ങളോട് പറഞ്ഞിട്ടുണ്ടോ ഈ തോട്ടത്തിലെ ഏതെങ്കിലും വൃക്ഷത്തിന്റെ ഫലം തിന്നരുതെന്ന്. ഹവ്വാ അൽപം ആലോചിച്ചതിനു ശേഷം പറഞ്ഞു–"എല്ലാ വൃക്ഷത്തിന്റെയും ഫലം തിന്നാം. എന്നാൽ ഒരു വൃക്ഷത്തിന്റെ ഫലം മാത്രം കഴിച്ചാൽ പ്രതികരണഫലം അനുഭവിക്കേണ്ടിവരും" എന്നാണ് ദൈവം പറഞ്ഞത് എന്ന്. തിന്നാം എന്ന നിഗമനത്തിൽ എത്തുന്നതിനു മുമ്പു തന്നെ ഹവ്വായുടെ മനസ്സിൽ തിന്നാനുള്ള കൊതി ഉദിച്ചു. ഏറ്റവും മനോഹരമെന്നു തോന്നിയ ആ പഴത്തിന്റെ ആകർഷണീയത ഒരു വശ്യതയായിത്തീർന്നു. മാത്രമല്ല തങ്ങൾക്കുള്ളതിനേക്കാൾ അധികമായി ജ്ഞാനം പ്രാപിപ്പാൻ ഈ പഴം തിന്നുന്നതുമൂലം കഴിയുമെന്ന് ഹവ്വാ നിരൂപിച്ചു. ദൈവം അവർക്കു കൊടുത്തതായ പ്രതിഛായ എന്തായിരുന്നു? ദൈവസാദൃശ്യത്തിന്റെ പ്രതിഛായയാണ് മനുഷ്യനിൽ തെളിഞ്ഞു നിന്നിരുന്നത്. ഈ സാദൃശ്യത്തിൽ അടങ്ങിയിരുന്നതു മനുഷ്യന്റെ ഭാവനാശക്തിയും പലതും സൃഷ്ടിക്കാനുള്ള കഴിവും ഏൽപ്പിച്ചിരിക്കുന്നതായ ഈ പ്രപഞ്ചത്തിൽ നിന്ന് പുതിയ സൃഷ്ടികളെ രൂപപ്പെടുത്തുന്നതിനുള്ള വൈഭവവും പ്രപഞ്ചത്തിന്റെ നിഗൂഢരഹസ്യങ്ങളെപ്പോലും കണ്ടെത്താനുള്ള സ്വപ്നപദ്ധതികൾ രൂപപ്പെടുത്താനുള്ള കഴിവും എല്ലാറ്റിനും ഉപരിയായി ജ്ഞാനം പ്രാപിപ്പാനുള്ള തൃഷ്ണയും ഉൾപ്പെട്ടിരുന്നു. എന്നാൽ ദൈവ കൽപ്പന ലംഘിച്ചുകൊണ്ട് വിലക്കപ്പെട്ട കനി ഭക്ഷിച്ചപ്പോൾ പ്രതികരണഫലമായി വന്നത് സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള അകൽച്ചയായിരുന്നു. തലമുറതലമുറ കൈമാറി ഈ കല്പനാ ലംഘനത്തിനുള്ള പ്രലോഭനങ്ങൾ ഇന്നും ഭീകരമായിരിക്കുന്ന ആശങ്കകൾ മനുഷ്യസമൂഹത്തിൽ ഉളവാക്കിക്കൊണ്ടിരിക്കുന്നു. ദൈവം സർവ്വവൃക്ഷലതാദികൾക്കും മത്സ്യങ്ങൾക്കും മൃഗജാലങ്ങൾക്കും നാഥനാണ്. എന്നാൽ പരിസ്ഥിതിയെ വികലമാക്കുന്നതിന്റെ ഫലമായി ആശങ്കാജനകമായ അനുഭവങ്ങളല്ലേ ദൃശ്യമായിരിക്കുന്നത്? ഇന്ന് ലോകരാഷ്ട്രങ്ങൾ ഈ വിപത്തിനെ മുന്നിൽ കണ്ടുകൊണ്ട് രക്ഷപെടാൻ തത്രപ്പെടുമ്പോഴും പിന്നെയും പിന്നെയും അപചയങ്ങളിലേക്ക് പോകുന്നതല്ലാതെ ദൈവത്തിന്റെ സ്വപ്നങ്ങളിലേക്ക് വളരുവാനുള്ള ആത്മാർത്ഥമായ പരിശ്രമം നമുക്കുണ്ടോ? വെളിപാടു പുസ്തകത്തിൽ കാണുന്ന 'പുതിയ

ആകാശം പുതിയ ഭൂമി' എന്ന ദർശനത്തിലേക്ക് ലോകത്തെ നയിക്കുവാൻ മനുഷ്യരാശിക്ക് ദൈവം പ്രാപ്തി നൽകട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

കഴിഞ്ഞ 20-ൽ പരം സംവത്സരം പരിഹാരം കണ്ടെത്തുവാൻ തുടർച്ചയായി പരിശ്രമിച്ചിട്ടു സാധ്യമാകാതെയിരുന്ന അയ്മനം ട്രസ്റ്റ് സഭയുടെ ട്രസ്റ്റായി രൂപപ്പെടുത്തുന്നതിനുള്ള നിയമനടപടികൾക്ക് ഒരു പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞു. ഭരണഘടനപ്രകാരം മലങ്കര മാർത്തോമ്മാ മെത്രാപ്പോലീത്താ നോമിനേറ്റ് ചെയ്യുന്ന 9 അംഗങ്ങളുടെ ട്രസ്റ്റായി രൂപപ്പെടുന്നതിനും കോടതി നിർദ്ദേശ പ്രകാരം ധാരണയിലെത്തുന്നതിനും സാധിച്ചു. പ്രാഥമിക നടപടികളും പൂർത്തിയായി. 9 അംഗങ്ങളെയും നിയമിക്കുന്നത് മെത്രാപ്പോലീത്തായുടെ വിവേചനാധികാരമാണ് എന്നുള്ളതും നിഷ്ക്കർഷിച്ചിട്ടുണ്ട്. ആ ട്രസ്റ്റിന്റെ പ്രോപ്പർട്ടീസിന്റെ വികസനത്തിനും അതിനുള്ള ധനാഗമ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും പുതിയ ട്രസ്റ്റിനായിരിക്കും ഉത്തരവാദിത്വം. ഇപ്രകാരം ഒരു പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞു എന്നതിൽ സന്തോഷിക്കുന്നു.

എപ്പിസ്കോപ്പൽ നോമിനേഷൻ ബോർഡിന്റെ നിയമസാധുതയെക്കുറിച്ചുള്ള അപ്പീൽ കോടതി തള്ളി എന്നതുകൊണ്ട് അത്തരം നിയമനടപടികൾക്കു ഒരു വിരാമം വന്നിരിക്കുകയാണ്. ആയതിനാൽ വരുംകാലങ്ങളിൽ പുതിയ നോമിനേഷൻ ബോർഡ് നിയമിക്കുന്നതിനുള്ള എല്ലാ തടസ്സങ്ങളും നീങ്ങിയിരിക്കുന്നു എന്നറിയിക്കുന്നതിലും സന്തോഷമുണ്ട്.

നിലവിലിരിക്കുന്ന നിയമചട്ടങ്ങളെ അനുസ്യൂതം അനുസരിക്കേണ്ടതിന് ഇടവകയുടെയും സഭയുടെയും ഭദ്രാസനത്തിന്റെയും പൊതുഭരണത്തിനു വ്യക്തതയുണ്ടായിരിക്കേണ്ടത് ഏറെ ആവശ്യമാണ്. നിരണം-മാരാമൺ ഭദ്രാസനത്തിലെ ഇടവകകളുടെയും സംഘടനകളുടെയും ഭാരവാഹികളുടെയും യോഗം വിളിച്ചുകൂട്ടി രേഖാമൂലം അറിയിച്ചുകൊണ്ട് നമ്മുടെ സഭയുടെ ഫിനാൻസ് മാനേജർ റവ. ജോർവിൻ ജോസഫ് ഇതു സംബന്ധിച്ച് ഒരു ബോധവൽക്കരണ ക്ലാസ് നടത്തുകയുണ്ടായി. ഇതുപോലെ ഒരു സമ്മേളനം റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിൽ കഴിഞ്ഞമാസം നടന്നു. കോട്ടയം-കൊച്ചി ഭദ്രാസനത്തിൽ 2 മേഖലകളിലായി ഇപ്രകാരമുള്ള യോഗങ്ങൾ വിളിച്ചുകൂട്ടുവാൻ ക്രമീകരണം ചെയ്യുകയാണ്. ഇപ്രകാരമുള്ള വാക്കുകൾ എല്ലാ ഭദ്രാസനങ്ങളിലും ഡിസംബർ മാസത്തിനു മുമ്പ് ക്രമീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പുതിയ വർഷം ഭാരവാഹികളെ തിരഞ്ഞെടുക്കുമ്പോൾ ഇതെല്ലാം ഉൾക്കൊണ്ടുകൊണ്ട് തിരഞ്ഞെടുപ്പു നടത്തണമെന്ന് ഓർമ്മിപ്പിക്കട്ടെ.

ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ മൾട്ടി മീഡിയ റൂമിന്റെയും കമ്പ്യൂട്ടർ ലാബിന്റെയും ഉത്ഘാടനം നിർവ്വഹിച്ചു. വീഡിയോ കോൺഫ്രൻസ് നടത്താനുള്ള സംവിധാനം രൂപപ്പെട്ടിട്ടുണ്ട്. എല്ലാ കോളേജുകളിലും ഇത്തരം സംവിധാനങ്ങൾ ക്രമീകരിക്കാനുള്ള ശ്രമങ്ങൾ നടക്കുകയാണ്.

അഖിലലോക മാനസിക ആരോഗ്യദിനത്തോടനുബന്ധിച്ച് നാക്കട ആശുപത്രിയിൽ ഒരു സെമിനാർ നാം ഉദ്ഘാടനം ചെയ്തു. അനേകം യുവജനങ്ങൾ ഇതിൽ പങ്കെടുത്തു എന്നതിലുള്ള സന്തോഷം അറിയിക്കട്ടെ. ഇന്ത്യൻ അസ്സോസിയേഷൻ ഓഫ് പ്രൈവറ്റ് സൈക്യാട്രി, കേരള ബ്രാഞ്ചിന്റെ ആഭിമുഖ്യത്തിലാണ് ഈ സെമിനാർ സംഘടിപ്പിക്കപ്പെട്ടത്.

തെയ്സെ കമ്മ്യൂണിറ്റിയുടെ ആദരണീയനായ ബ്രദർ ജീൻ പാട്രിക്ക് നമ്മുടെ സഭയുടെ ആസ്ഥാനത്ത് സന്ദർശനം നടത്തുകയുണ്ടായി. കഴിഞ്ഞവർഷം നാം തെയ്സെ കമ്മ്യൂണിറ്റി സന്ദർശിക്കുകയും അവരുടെ നിസ്തുല്യ സേവനം മനസ്സിലാക്കുകയും ചെയ്തു. ഇവിടെ അദ്ദേഹം സന്ദർശനം നടത്തിയപ്പോൾ പഴയ പൂലാത്തീനിൽ വെച്ച് തെയ്സെ കമ്മ്യൂണിറ്റിയുടെ ശൈലിയിൽ പ്രാർത്ഥന ക്രമീകരിക്കുകയുണ്ടായി. നമ്മുടെ സഭയുടെ ആനിമേഷൻ സെന്ററിന്റെ മീഡിയ റൂമിൽ വെച്ച് ഒരു വീഡിയോ പ്രസന്റേഷനും നടത്തപ്പെട്ടു. മാർത്തോമ്മാ യുവജനസഖ്യത്തിന്റെ ചുമതലക്കാരുടെ നേതൃത്വത്തിൽ അദ്ദേഹത്തിനു ഒരു ലഞ്ചും ക്രമീകരിക്കുകയുണ്ടായി. ഇവിടെനിന്നും സി.എസ്.ഐ., ഓർത്തഡോക്സ്, കാതലിക്ക് സഭകൾ സന്ദർശിക്കുന്നതിനായി അദ്ദേഹം പുറപ്പെട്ടു.

തടിയൂർ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയുടെ പുനർനിർമ്മിക്കപ്പെട്ട പള്ളിയുടെ കൂദാശ നടത്തപ്പെട്ടു. മാർത്തോമ്മാ സ്കൂൾസ് ടീച്ചേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ബോയ്സ് & ഗേൾസ് ക്യാമ്പ് തിരുവല്ല നിക്കോൾസൺ സ്കൂളിൽ വെച്ച് ഒക്ടോബർ 3, 4, 5 ദിവസങ്ങളിൽ നടന്നു. 140-ൽ പരം കുട്ടികൾ സംബന്ധിച്ചു. ക്യാമ്പിന്റെ ക്രമീകരണങ്ങളിൽ ടീച്ചേഴ്സ് അസ്സോസിയേഷന്റെ നേതൃത്വം പ്രശംസനീയമായിരുന്നു.

കീഴില്ലം സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിന്റെ പുതിയ ബ്ലോക്കിന്റെ ഉത്ഘാടനം നിർവ്വഹിച്ചു.

മാർത്തോമ്മാ സഭയിലെ കോളേജുകളിലെ സ്റ്റാഫിനുവേണ്ടി മാർത്തോമ്മാ സഭയുടെ ഹയർ എഡ്യൂക്കേഷൻ കമ്മീഷന്റെ ആഭിമുഖ്യത്തിൽ കൊമ്പാടിയിൽ വെച്ചു നടന്ന റിഫ്രഷർ കോഴ്സ് നാം ഉദ്ഘാടനം ചെയ്തു.

ഒക്ടോബർ 19-ാം തീയതി മാഞ്ചസ്റ്റർ താബോർ ഇടവക വാങ്ങിയതായ പള്ളിയുടെ മെയിന്റൻസ് പണികൾ പൂർത്തീകരിച്ച് പുതുക്കിയ പള്ളിയുടെ കൂദാശ നിർവ്വഹിച്ചു. ഇംഗ്ലണ്ടിലെ ഒരു ആംഗ്ലിക്കൻ ദൈവാലയം നമ്മുടെ ദൈവാലയമായി രൂപപ്പെടുത്തിയതിലുള്ള സന്തോഷം അറിയിക്കുകയും ഇടവക ജനങ്ങളെ അനുമോദിക്കുകയും ചെയ്യുന്നു. ലിവർപൂളിലും ഒരു ഹ്രസ്വ സന്ദർശനം നടത്തി വിശുദ്ധ കുർബ്ബാന നടത്തി. നിർമ്മാണത്തിലിരിക്കുന്ന സെന്റ് ജെയിംസ് പള്ളിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയതിനു ശേഷം 22-ാം തീയതി യാത്രയായി. ലോംഗ് ഐലൻഡിലുള്ള പുനർനിർമ്മാണം ചെയ്ത പാഴ്സനേജിന്റെയും ഹൂസ്റ്റണിലെ ഒരു പാഴ്സണേജിന്റെയും കൂദാശയിലും ഇമ്മാനുവേൽ മാർത്തോമ്മാ പള്ളിയുടെ സമ്മേളനത്തിലും പങ്കെടുത്തു. തുടർന്ന് ന്യൂയോർക്കിലെത്തി നവംബർ 4-ാം തീയതി അമേരിക്കയിൽ നിന്നു മടങ്ങുവാൻ ഉദ്ദേശിക്കുന്നു. പ്രായത്തിലും രോഗത്തിലും ക്ഷീണിതരായിരിക്കുന്ന ചില സുഹൃത്തുക്കളെ സന്ദർശിക്കുവാനും ആഗ്രഹിക്കുന്നുണ്ട്.

ഒരു നൂറ്റാണ്ടുമുമ്പ് ഏബ്രഹാം മല്പാൻ പ്രോമ്യോനും സെദറായും മൂല ഭാഷയായ സുറിയാനി നോക്കിക്കൊണ്ട് തൽസമയം മലയാളത്തിൽ പ്രാർത്ഥിച്ചതുമൂലം മല്പാൻ അച്ചനെ സഭാഭ്രംശനാക്കുവാൻ അന്ന് സഭാ നേതൃത്വം തീരുമാനിക്കുകയുണ്ടായി. എന്നാൽ മല്പാൻ അച്ചൻ തുടങ്ങി വെച്ച നവീകരണം മലങ്കര സഭയിൽ ആകമാനം വ്യാപിക്കുകയും ഇന്ന് കേരളത്തിലെ എല്ലാ സഭകളും നമ്മുടെ മാതൃഭാഷയായ മലയാളത്തിൽ ആരാധന നടത്തുന്ന സ്ഥിതി സംജാതമാകുകയും ഉണ്ടായി. വത്തിക്കാനിൽ മറിയം ത്രേസ്യായെ വിശുദ്ധയായി ഉയർത്തിയതിലുള്ള നന്ദി പ്രകടിപ്പിക്കുന്ന

കുർബ്ബാന ശുശ്രൂഷ ഒക്ടോബർ 14-ാം തീയതി വത്തിക്കാനിൽ കർദിനാൾ ജോർജ്ജ് ആലഞ്ചേരി മലയാളത്തിൽ നിർവ്വഹിച്ചു എന്നത് എത്രയോ സന്തോഷപ്രദമായ ഒരു വസ്തുതയത്രെ. നവീകരണത്തിന്റെ മാറ്റൊലി ഇന്ന് മാതൃഭാഷയിൽ പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്നു എന്നത് എത്രയോ അഭിമാനകരമത്രെ.

നമ്മുടെ സഭയിലെ പട്ടക്കാരുടെ വാർഷിക സമ്മേളനം നവംബർ മാസം 26 മുതൽ 29 വരെ ചരൽക്കുന്നിൽ വെച്ച് നടക്കുവാൻ ക്രമീകരണം ചെയ്തിരിക്കുകയാണ്. 'ദൗത്യ പുനരാവിഷ്ക്കാരം സമകാലീന സാമൂഹ്യ പശ്ചാത്തലത്തിൽ' എന്ന ചിന്താവിഷയമാണ് മുഖ്യ ചിന്താവിഷയമായി തെരഞ്ഞെടുത്തിരിക്കുന്നത്. മാർത്തോമ്മാ സഭയിലെ എല്ലാ പട്ടക്കാരും ഈ വാർഷിക സമ്മേളനത്തിൽ ആദിയോടന്തം പങ്കെടുക്കണമെന്ന് അറിയിച്ചുകൊള്ളുന്നു.

നമ്മുടെ സഭയിലെ റവ. സി.വി. സൈമൺ അച്ചന്റെ മാതാവ് ശോശാമ്മ വർഗ്ഗീസും റവ. ജേക്കബ് മാത്യു (പുല്ലാട്) അച്ചന്റെ പിതാവ് വി.എം. ചാക്കോയും റവ. ഫിലിപ് പി. മാത്യുവിന്റെ പിതാവ് പി.സി. മാത്യുവും നിര്യാതരായി. കൊല്ലത്തെ പ്രമുഖ രാഷ്ട്രീയ, സാമൂഹ്യ പ്രവർത്തകനായ തേവള്ളി പാലസ് റോഡ് കോയിപ്പുറത്ത് അഡ്വ. ഫിലിപ് കെ. തോമസും നമ്മുടെ സഭാപ്രതിനിധി മണ്ഡലാംഗമായ വെച്ചൂച്ചിറ മാമ്പറമ്പിൽ ജോൺ സി. ജോർജ്ജും നിര്യാതരായി. പ്രസ്തുത ശവസംസ്കാര ശുശ്രൂഷകൾക്ക് നാം നേതൃത്വം നൽകി. പ്രിയപ്പെട്ടവരുടെ വേർപാടിന്റെ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു.

സഭയുടെ ധ്യാനത്തിൽ പുതിയ സംവത്സരത്തിന്റെ ആരംഭത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ഗിരിപ്രഭാഷണ ധ്യാനത്തോടുകൂടി ധ്യാനപാതയിലേക്കു പ്രവേശിക്കുന്നു. ഒന്നാം ഞായറാഴ്ച സഭയുടെ ശുദ്ധീകരണം എന്ന ആശയമാണ് ധ്യാനം. നമ്മുടെ പൈതങ്ങൾ ദൈവം നമ്മെ ഭരമേല്പിച്ച ഉപനിധികളാണ്. ദൈവത്തിന്റെ പ്രതീക്ഷക്കനുസരിച്ച് ദൈവകൃപയിലും മനുഷ്യകൃപയിലും അവരെ വളർത്തുവാൻ നാം ശ്രദ്ധിക്കണം. 'പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ അവരെ തടയരുത്' എന്ന കർത്താവിന്റെ വാക്കുകൾ ഓർക്കണം. പാഠ്യവിഷയങ്ങളിൽ അമിത താല്പര്യം കാണിച്ച് ഞായറാഴ്ച പോലും സൺഡേസ്കൂളിൽ വിടാതെ മാതാപിതാക്കൾ കുട്ടികളെ ട്യൂഷനു വിടുന്ന പ്രവണത വർദ്ധിച്ചുവരുന്നത് നിർഭാഗ്യകരമാണ്. ദൈവവിഷയമായി സമ്പന്നരാകുന്നതിൽ ശ്രദ്ധിക്കാതെ ലോകപ്രകാരമുള്ള മികവ് ആർജിക്കാൻ ശ്രമിക്കുന്നതുകൊണ്ടാണ് സമൂഹത്തിലും ഭവനങ്ങളിലും വികലതകൾ പെരുകുന്നത് എന്നത് യാഥാർത്ഥ്യമത്രെ. കുടുംബബന്ധങ്ങൾക്ക് വിലകല്പിക്കാതെ എങ്ങനെയും ധനസമ്പാദനം നടത്താൻവേണ്ടി പദ്ധതികൾ ആവിഷ്ക്കരിച്ച് മാംസത്തിനു മാംസവും അസ്ഥിയ്ക്ക് അസ്ഥിയുമായിരിക്കുന്നവരെ കൊന്നൊടുക്കുന്ന പ്രവണത സമൂഹത്തിൽ വർദ്ധിച്ചുവരികയാണ്. നമ്മുടെ കുഞ്ഞുങ്ങളെ ദൈവകൃപയിലും മനുഷ്യകൃപയിലും വളർത്തുവാനായിരിക്കണം നാം ശ്രദ്ധ പതിപ്പിക്കേണ്ടത്. തുടർന്ന് ചിന്തിക്കുന്നത് സഭയുടെ പുതുക്കത്തെ കുറിച്ചാണ്. സഭ 'തണ്ടിന്മേൽ വെച്ച വിളക്കു'പോലെ ശോഭിക്കാനാണ് കർത്താവ് ആഗ്രഹിക്കുന്നത്. സഭൈക്യത്തെ കുറിച്ചും നാം ചിന്തിക്കുന്നു. സഭയുടെ ശാക്തീകരണത്തിനായി പുതുക്കത്തിന്റെ അനുഭവത്തിലേക്ക് സഭ ഉണരണം. സഭൈക്യദിനമായി നാം ആചരിക്കുന്നത് ഐക്യത്തിന്റെ ദർശനം ത്രിത്വോപദേശ യാഥാർത്ഥ്യത്തിന്റെ പശ്ചാത്തലത്തിൽ ഏകവും വിശുദ്ധവുമായ സഭ, അതേസമയം തന്നെ തങ്ങളുടേതായ തനിമ വെളിപ്പെടുത്തുന്ന സഭ, ഏക അധികാരം, ഏക ദൗത്യം, ഏക സാക്ഷ്യം, ഏക ലക്ഷ്യം എന്നീ ദർശനത്തോടുകൂടി ഉൾക്കൊള്ളുന്നതിനാണ്. നവംബർ 17 ഞായർ സെഖര്യാവിനോടുള്ള അറിയിപ്പും നവംബർ 24 ഞായർ കന്യക മറിയത്തോടുള്ള അറിയിപ്പും സഭയായി ധ്യാനിക്കുന്നു. മനുഷ്യനാൽ അസാധ്യമായത് ദൈവത്താൽ സാധ്യമാകുന്നു എന്നു വെളിപ്പെടുത്തപ്പെട്ടപ്പോൾ വൃദ്ധ ദമ്പതികളായ സെഖര്യാവും എലിസബത്തും തങ്ങൾക്കു ലഭിച്ചതായ ദൈവികദൗത്യം അതേറ്റുവാങ്ങുവാൻ സംശയിച്ചു എങ്കിലും ആ എലിസബത്ത് അത്രേ വിശുദ്ധ കന്യകയായ മറിയയെ അഭിസംബോധന ചെയ്തപ്പോൾ പറഞ്ഞത്. -"ദൈവം അരുളിച്ചെയ്തത് വിശ്വസിച്ച നീ ഭാഗ്യവതി" എന്ന്. അതിന്റെ പിന്നിൽ തന്റെ ജീവിതത്തിന്റെ പരാജയങ്ങൾ അംഗീകരിക്കുകയും പ്രത്യാശയിൽ ശക്തിപ്പെടുകയും ചെയ്യുന്ന അനുഭവമാണ് നാം കാണുന്നത്. നവംബർ 29 വെള്ളി ഉത്തരേന്ത്യാ സഭയുടെ സ്ഥാപന ദിനമാണ്. ദക്ഷിണേന്ത്യാ സഭയുടെ സ്ഥാപനത്തിനു ശേഷം 2 ദശകത്തിനു ശേഷം ഉത്തരേന്ത്യാ സഭയുടെ സ്ഥാപനവും നാം അനുസ്മരിക്കുന്നു. ഒരുമയുടെ ഊഷ്മളത നഷ്ടപ്പെടാതെ സൂക്ഷിക്കുവാൻ ഓരോ സഭയ്ക്കും ഉത്തരവാദിത്വമുണ്ട്. സഭകൾ തമ്മിലുള്ള ബന്ധത്തിൽ ഇന്നും വിഭാഗീയതകൾ നിലനിൽക്കുന്നു എങ്കിൽ മാനുഷികമായ വീഴ്ചകൾ പരിഹരിച്ച് ദൈവകൃപയിൽ ആശ്രയിച്ച് ഈ അവസ്ഥയിൽ നിന്നും കരകയറുന്നതിനും പുതുക്കം പ്രാപിക്കുന്നതിനും എല്ലാ സഭകൾക്കും സാധിക്കട്ടെ. തന്റെ പ്രധാന ശിഷ്യന്മാരായിരുന്ന പത്രോസിനെയും അന്ത്രയോസിനെയും വിളിക്കുന്നതായ വിളിയുടെ ശബ്ദം കേട്ടുകൊണ്ട് 25 നോമ്പിലേക്ക് നാം പ്രവേശിക്കുകയാണ്. മത്സ്യം പിടിക്കുന്നവരെ, മനുഷ്യരെ പിടിക്കുന്നവരാക്കിയ കർത്താവ് തന്റെ ശിഷ്യസമൂഹത്തിന് നേതൃത്വം നൽകുവാൻ പത്രോസിനെ മഹത്തായ ഒരു ദൗത്യം ഏൽപ്പിച്ചു. അന്ത്രയോസാകട്ടെ മറ്റുള്ളവരെ, പ്രത്യേകിച്ചും വിജാതീയരെ ക്രിസ്തുവിങ്കലേക്കു ആനയിക്കുവാൻ തക്കവണ്ണം പ്രത്യേക ദൗത്യം നിർവ്വഹിച്ചു. ഓരോ സഭയുടെയും ദൗത്യം അതാണ്. വലയിൽ കിട്ടുന്നവരെ മാത്രമല്ല, വലയ്ക്കു പുറത്തുള്ളവരെയും ക്രിസ്തുവിങ്കലേക്ക് ആനയിക്കുന്ന ദൗത്യമാണ് സഭയുടെ ദൗത്യം. യേശു വിളിക്കുന്നു-'വരിക'. ഇന്നത്തെ സമൂഹത്തിൽ ഈ സാക്ഷ്യം യാഥാർത്ഥ്യമാക്കുവാൻ, മറ്റുള്ളവരെ ക്രിസ്തുവിങ്കലേക്കു നയിക്കുവാനുള്ള സമർപ്പണത്തോടെ 25 നോമ്പിലേക്ക് പ്രവേശിക്കാം.

"എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു" എന്ന അപ്പൊസ്തലനായ വിശുദ്ധ പൗലോസിന്റെ ജീവിതസാക്ഷ്യവും ദർശനവും നമ്മിലൂടെയും ഇന്ന് യാഥാർത്ഥ്യമായിത്തീരട്ടെ..

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ

പുലാത്തീൻ,
30-10-2019

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**